"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ആറ്റുകാൽ പൊങ്കാല മഹോത്സവം 2025 -സൗത്ത് ഡിവിഷൻ - പൂർത്തീകരിച്ച പ്രവർത്തനങ്ങൾക്ക് ചെലവായ തുക റിലീസ് ചെയ്യുന്നതിനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.493/2026/LSGD തീയതി, തിരുവനന്തപുരം, 26-02-2026

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 491/2025/തസ്വഭവ; തീയതി 17.02.2025
2. സ.ഉ.(സാധാ) നം.624/2025/തസ്വഭവ; തീയതി 06.03.2025
3. സ.ഉ.(സാധാ) നം. 1222/2026/ധന; തീയതി 09.02.2026
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 05.12.2025-ലെ DCTVM/12567/2024-S9 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2025-ലെ ആറ്റുകാൽ പൊങ്കാലയുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകൾ നിർവഹിക്കേണ്ട പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിലേയ്ക്കായി പരാമർശം (1), (2) പ്രകാരം യഥാക്രമം 1,99,47,421/- രൂപയുടെയും, 69,20,000/- രൂപയുടെയും ഭരണാനുമതി നൽകി ഉത്തരവായിരുന്നു.

2. 2025-ലെ ആറ്റുകാൽ പൊങ്കാലയുമായി ബന്ധപ്പെട്ട മുന്നൊരുക്കങ്ങളുടെ ഭാഗമായി നിർവ്വഹണ ഏജൻസിയായ എക്സിക്യൂട്ടീവ് എഞ്ചിനീയർ, സൗത്ത് ഡിവിഷൻ പൂർത്തീകരിച്ച പ്രവൃത്തികൾക്ക് ചെലവായ 11,81,413/- രൂപ (പതിനൊന്ന് ലക്ഷത്തി എൺപത്തൊന്നായിരത്തി നാനൂറ്റി പതിമൂന്ന് രൂപ മാത്രം) അനുവദിക്കുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം (4) കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025, ആറ്റുകാൽ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് നിർവ്വഹണ ഏജൻസിയായ എക്സിക്യൂട്ടീവ് എഞ്ചിനീയർ, സൗത്ത് ഡിവിഷൻ പൂർത്തീകരിച്ച പ്രവൃത്തികളുടെ ചെലവായ 11,81,413/- രൂപ (പതിനൊന്ന് ലക്ഷത്തി എൺപത്തൊന്നായിരത്തി നാനൂറ്റി പതിമൂന്ന് രൂപ മാത്രം) "2217-01-800-94 ആറ്റുകാൽ പൊങ്കാല ഉത്സവത്തിനുള്ള ധനസഹായം (PV)" എന്ന ശീർഷകത്തിൽ പരാമർശം (3) പ്രകാരം അധിക

ധനാനുമതിയായി അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും റിലീസ് ചെയ്യുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4. മേൽ പ്രകാരം അധിക ധനാനുമതിയായി ലഭ്യമായ തുക ധന:പുനർവിനിയോഗം / ഉപധനാഭ്യർത്ഥന വഴി നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപ് ക്രമീകരിക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട ശീർഷകത്തിന്റെ ചുമതലയുള്ള കൺട്രോളിംഗ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

ജില്ലാ കളക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

സെക്രട്ടറി, തിരുവനന്തപുരം നഗരസഭ

സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/എൽ. ബി.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ധനകാര്യ (ഡെവ-വിംഗ്) വകുപ്പ് (11.02.2026 -ലെ ഡെവ-2/245/2025-ധന പ്രകാരം)

കരുതൽ ഫയൽ./ ഓഫീസ് കോപ്പി : (LSGD-IA2/220/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 26-02-2026 16:47:02

സെക്ഷൻ ഓഫീസർ